പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2112 16.08.2017

ലെ മറുപടിക്ക്

## കയറുല്പന്നങ്ങൾ പ്രചരിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുല്ലക്കര രത്നാകരൻ | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
| --- | --- |
| എ) ഓണക്കാലത്തെ വിപണനം ലക്ഷ്യമാക്കി കയറുല്പന്നങ്ങൾക്ക് പ്രത്യേക വിലക്കിഴിവ് പ്രഖ്യാപിച്ചിട്ടുണ്ടോ; | എ) ഓണക്കാലത്തെ വിപണനം ലക്ഷ്യമാക്കി കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന കയർ ഉൽപ്പന്നങ്ങൾക്ക് പ്രത്യേക വിലക്കിഴിവും സമ്മാന പദ്ധതികളും പ്രഖ്യാപിച്ച് 118 സ്റ്റാളുകൾ വഴി വിൽപ്പന ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 20% മുതൽ 50% വരെ റിബേറ്റ് നൽകുന്നതാണ്. കൂടാതെ 1000 രൂപയുടെ കൂപ്പൺ വാങ്ങുന്നവർക്ക് കിഴിവോടെ 2000/- രൂപ വിപണി വിലയുള്ള തിരഞ്ഞെടുക്കപ്പെട്ട കയർ ഉൽപ്പന്നങ്ങൾ ലഭിക്കും. |
| ബി) കയറും കയറുല്പന്നങ്ങളും പ്രചരിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | ബി) കയറും, കയറുല്പ്പന്നങ്ങളും പ്രചരിപ്പിക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>കയറിന്റെ ആഭ്യന്തര വിദേശ വിപണി വിപുലപ്പെടുത്തുന്നതിൽ പ്രദർശനങ്ങളിൽ പങ്കെടുക്കുക, ബയർ-സെല്ലർ മീറ്റുകളിൽ പങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ നടപടികൾ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി., കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ വഴി സ്വീകരിച്ചുവരുന്നു. വിവിധ സംസ്ഥാനങ്ങളിൽ പുതിയ ഷോറൂമുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. 2017 ഒക്ടോബർ മാസം ആലപ്പുഴയിൽ വച്ച് കയർ കേരള രാജ്യാന്തരമേള നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ റിബേറ്റ് നൽകി കയർ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചുവരുന്നു. പ്രാദേശിക ഉത്സവങ്ങളോടനുബന്ധിച്ചുള്ള വിപണന മേളകളിൽ സജീവമായി പങ്കെടുത്തു വരുന്നു. കൂടാതെ ഇതര സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനുകളുമായി ചേർന്ന് വിപണി ക ണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. യു.പി. സ്റ്റേറ്റ് ഹാന്റ്ലൂം ഫെഡറേ ഷനുമായി MOU ഒപ്പു വച്ചിട്ടുണ്ട്. ഈ ഓണക്കാലത്ത് ആഭ്യന്തര വിപണനം |

| | |
|---|---|
| | വർദ്ധിപ്പിക്കുന്നതിനായി കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118 ഓളം സ്റ്റാളുകൾ ആരംഭിക്കാൻ നടപടി ആയിട്ടുണ്ട്. ഉത്സവകാലത്ത് സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർക്ക് പരമാവധി 15,000 രൂപയുടെ ഉൽപ്പന്നങ്ങൾ ക്രഡിറ്റ് വ്യവസ്ഥയിൽ വിതരണം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 1000 രൂപയുടെ കൂപ്പൺ വാങ്ങുന്നവർക്ക് 2000/- രൂപയുടെ തിരഞ്ഞെടുക്കപ്പെട്ട കയർ ഉൽപ്പന്നങ്ങളും കൂപ്പൺ നറുക്കെടുപ്പ് നടത്തി സമ്മാനങ്ങൾ നൽകുന്ന പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ